# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKLM/ p4/1161/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 09/03/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKLM/ p4/1161/21 തീയ്യതി: 09/03/2022

## കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 02-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശശി ജോഷ് (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. പത്മകുമാരി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ഷീജ ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ഹർഷ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിന്ദു കരുണാകരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജെ.ജെ.ജോസഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിഷ്ണു.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 23-07-2019 |
| ശ്രീമതി ആർച്ച ഗോപൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| ശ്രീ സതീശൻ.പി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി മഞ്ജുഷ ഇ.വി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 29-09-2019 |
| ശ്രീമതി രാജശ്രീ.പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 30-09-2019 | 15-11-2019 |
| ശ്രീമതി മഞ്ജുഷ.ഇ.വി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 16-11-2019 | 31-03-2020 |
| ശ്രീ.അജിത് കുമാർ.പി.വി | കൃഷി ഓഫീസർ | 01-04-2019 | 15-08-2019 |
| ശ്രീമതി സംഗീത.എ.എസ് | കൃഷി ഓഫീസർ | 16-08-2019 | 31-03-2020 |
| ഡോ.മനോജ്.ബി.തോമസ് | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ബി.സോജ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീജയ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീബാ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. മിഥുൽ | വി.ഇ.ഒ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജ | വി.ഇ.ഒ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി ജയശ്രീ.എൽ.ആർ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2019 | 07-05-2019 |
| ശ്രീമതി കൃഷ്ണകുമാരി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 08-05-2019 | 29-01-2020 |
| ശ്രീമതി മേരി ലത | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 30-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Harsha L (Auditor, On 10-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 14-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-11-2021) | 1-2 |
| 3 | വാർഷികകണക്ക് പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: A.Sasijosh (Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Padmakumari L (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-7 |
| 10 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: R.Sheeja (Asst. Audit Officer, On 16-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-7-1 |
| 11 | കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്നു<br>Written By: R.Sheeja (Asst. Audit Officer, On 16-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-7-2 |
| 12 | ക്യാഷ് പരിശോധന<br>Written By: Harsha L (Auditor, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.Sasijosh (Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 01-02-2022) | 1-10 |
| 15 | ഉപയോഗിക്കാത്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല<br>Written By: Harsha L (Auditor, On 25-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-11 |
| 16 | ചട്ടപ്രകാരമുള്ള നിരക്കിൽ തൊഴിൽനികുതി ഈടാക്കിയില്ല.<br>Written By: Harsha L (Auditor, On 24-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-12 |

| | | |
|---|---|---|
| 17 | മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Harsha L (Auditor, On 24-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-13 |
| 18 | കറവ പശുവിനെ വാങ്ങൽ – പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-14 |
| 19 | പാലിന് സബ്സിഡി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-15 |
| 20 | പാലളവിലധികമായി സബ്സിഡി അനുവദിച്ചു.<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-15-1 |
| 21 | മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി - തദ്ദേശഭരണ സ്ഥാപനഫണ്ടിൽ നിന്ന് അധിക നിരക്കിൽ സബ്സിഡി നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-15-2 |
| 22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-16 |
| 23 | പി.എച്ച്.സി, പി.എച്ച്.സി.സബ് സെന്റർ വാടക നല്കൽ - വാടക നിശ്ചയിച്ചതിലെ അപാകത<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-17 |
| 24 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-അധികമായി തുക ചെലവഴിച്ചു<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-18 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-19 |
| 26 | ജി.എസ്.ടി കോമ്പൻസേഷൻ കണക്കാക്കിയതിൽ പിഴവ്- 1408/-രൂപ അധികമായി നൽകി.<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-20 |
| 27 | ബാരൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകണമെന്നിരിക്കെ ഗുണഭോക്താവിന് രേഖപ്പെടുത്തിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതിലൂടെ 3154/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.<br>Written By: R.Sheeja (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 3-1 |
| 2 | ജി.എസ്.ടി കോമ്പൻസേഷൻ കണക്കാക്കിയതിൽ പിഴവ്- 1408/-രൂപ അധികമായി നൽകി.<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 3-2 |

| | | |
|---|---|---|
| 3 | ബാരൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 3-3 |
| 4 | പി.എച്ച്.സി,പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ- വാടക നിശ്ചയിച്ചതിലെ അപാകത<br>Written By: Naseer S (Computer Assistant, On 17-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 3-4 |
| 5 | മൃഗാശുപത്രിയിലേക്ക് മരുന്ന വാങ്ങൽ-അധികമായി തുക ചെലവഴിച്ചു<br>Written By: Bini Chandran S (Computer Assistant, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: R.Sheeja (Asst. Audit Officer, On 18-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Sheeja (Asst. Audit Officer, On 26-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Bini Chandran S (Computer Assistant, On 02-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

7-02-19 തീയതിയിലെ I(2) തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-20 | 03-07-20 | - | - |

### 1-2-1 വാർഷികകണക്ക് പരിശോധന

1. സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമാക്കി, സാക്ഷ്യപ്പെടുത്തി പരിപാലിക്കാത്തതിനാൽ ലയബിലിറ്റി ഹെഡ്ഡിലുൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്കായി വിവിധ പ്രോജക്റ്റുകൾ വഴി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആസ്തിയിലുൾപ്പെടുത്തി മൂല്യം വർദ്ധിപ്പിച്ചിട്ടില്ല.

4. ലൈഫ് മിഷൻ ലോൺ തിരിച്ചടവ്-വികസനഫണ്ട് എസ്.സി.പിയിൽ നിന്നും ഈടാക്കിയ 22,059/- രൂപ സൂലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

5. തനത് ഫണ്ടിൽ നിന്നും വിവിധപദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സൂലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

6. തൻ വർഷം റോഡ് ടാറിങ്ങ് പ്രവർത്തിക്ക് പാർട്ട് ബിൽ നല്കിയെങ്കിലും (2,34,443/-രൂപ) ആയത് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,98,17,002/- |
| വരവ് | 3,10,77,821/- |
| ആകെ | 50,894,823/- |
| ചെലവ് | 3,36,29,664/- |
| നീക്കിയിരിപ്പ് | 1,72,65,159/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,564/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,67,000/- |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക | 2019-20 ൽ ക്യൂ ബിൽ ആയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 8393600/- | 8393600/- | 6474449/- | 1919151/- | 724883/- |
| വികസനഫണ്ട് | 0 | 3959000/- | 3959000/- | 1139249/- | 2819751/- | 1194146/- |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 5004234/- | 5004234/- | 1841590/- | 3162644/- | 1295305/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1728000/- | 1728000/- | 1483053/- | 244947/- | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 3251000/- | 3251000/- | 2084918/- | 1166082/- | 972245/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 2640000/- | 2640000/- | 2640000/- | 0 | |
| കേരളോത്സവം | 0 | 20000/- | 20000/- | 200000/- | 0 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 11000/- | 11000/- | 11000/- | 0 | |
| സാക്ഷരത | 1313/- | 0 | 1313/- | 0 | 1313/- | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 1117280/- | 196881/- | 1314161/- | 291210/- | 1022951/- | |
| സമ്പൂർണ്ണശുചിത്വം | 814622/- | 0 | 814622/- | 127789/- | 686833/- | |
| എസ്.എസ്.എ | 1,00,000/- | 0 | 1,00,000/- | 0 | 1,00,000/- | |
| MNREGS ഭരണചെലവുകൾ | 563/- | 8,91,907/- | 8,92,470/- | 8,92,135/- | 335/- | |

### 1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട്, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 4,95,86,079/- | 75 | 2,02,23,209/- | 18 | 65 | 47.46 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 563/- | 8,91,907/- | 8,92,470/- | 8,92,135/- | 335/- |
| ഗുണഭോക്താക്കൾക്ക് | 0 | 1,63,46,508/- | 1,63,46,508/- | 1,63,46,508/- | 0 |

| നേരിട്ട് നൽകുന്നത് | | | | | |
|---|---|---|---|---|---|

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,24,920/- | 149 |
| കർഷകതൊഴിലാളി പെൻഷൻ | 6,16,800/- | 108 |
| വിധവാപെൻഷൻ | 28,55,400/- | 509 |
| വാർദ്ധക്യകാലപെൻഷൻ | 45,42,000/- | 937 |
| വികലാംഗപെൻഷൻ | 10,74,800/- | 185 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർ | 18,000/- | 3 |

1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

മൺട്രോ തുരുത്ത് ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണ ശേഷവും പെൻഷൻ പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | ഗ്രേസി | വിധവപെൻഷൻ | 103470600371 | 31-03-19 | 4/19-7/19 | 4800/- |
| 2 | മദനൻ | വാർദ്ധക്യകാല പെൻഷൻ | 103470201092 | 18-05-19 | 6/19-7/19 | 2400/- |
| 3 | ഭാസ്കരൻ | വാർദ്ധക്യകാല പെൻഷൻ | 103470200169 | 27-04-19 | 5/19-7/19 | 4500/- |
| 4 | ഡെയ്സി നൈനാൻ | വിധവാ പെൻഷൻ | 103470600495 | 12-05-19 | 6/19,7/19 | 2400/- |
| 5 | ലീലാമ്മ യോഹന്നാൻ | വിധവാ പെൻഷൻ | 103470600508 | 10-04-19 | 5/19-7/19 | 1800/- |
| | | | | | ആകെ | 15,900/- |

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിൽ നടന്നിട്ടുള്ള പെൻഷൻ വിതരണത്തിന്റെ കൂടുതൽ വിശദാംശങ്ങൾ കണ്ടെത്തേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക്

അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക 15,900/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

എൻക്വയറി നമ്പർ 2/06.08.21

### 1-7-2 കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്നു

മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|---|
| 1 | ശ്രീമതി രാധാമണി.പി<br>ദീപ ഭവനം<br>നെന്മേനി | 103470200550 | 1/16 – 4/19 | 45,400/- |
| 2 | ശ്രീ രാജപ്പൻ<br>രജനി വിലാസം<br>കിടപ്രം വടക്ക് | 103470200929 | 1/17- 4/19 | 40,600/- |
| 3 | ശ്രീമതി ലിറ്റിൽ ഫ്ലവർ<br>ശങ്കരംപള്ളിത്തോപ്പിൽ<br>തുമ്പുമുഖം | 103470200939 | 1/17 – 4/19 | 38,600/- |
| | | | ആകെ | 1,24,600/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ 1,24,600/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/06-8-21

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-08-21ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6443/- പരിശോധനയിൽ രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണസംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണസംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും മേൽനോട്ടത്തിലെയും അലംഭാവവും ധനഇടപാടുകളുടെ രേഖകൾ പരിപാലിക്കുന്നതിലും പദ്ധതിആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലുള്ള ജാഗ്രതക്കുറവും ഗ്രാമപഞ്ചായത്തിൽ പ്രകടമാണ്.

ഓരോ മാസത്തേയും രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണമെന്ന കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വരുമാനത്തിന്റെ അക്കൗണ്ടിംഗ് നടപടികൾ ചട്ടങ്ങൾക്കനുസൃതമാക്കുന്നതിലും പദ്ധതി നിർവഹണമാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും പിഴവുകൾ സംഭവിച്ചിട്ടുണ്ട്.

സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിൽ പ്രക്രിയാതല നിയന്ത്രണം സാധ്യമാക്കാനുതകുന്ന വാങ്ങൽ മാർഗ്ഗരേഖയിലേയും സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സാമൂഹ്യസുരക്ഷപെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ സാധ്യമായിട്ടില്ല.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-11-20 മുതൽ 16-11-20 | 1/20 മുതൽ 10/20 | 16-11-20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-03-2016 മുതൽ 14-03-2016 | 2010-11 മുതൽ 2014-15 | 16-04-2016 |

1-11 ഉപയോഗിക്കാത്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ 30933 എന്ന രസീത് ബുക്കിലെ 21-ാം നമ്പർ രസീതിന്റെ അസ്സൽ 20-ാം നമ്പർ രസീതിന്റെ കാർബൺ പകർപ്പ് പതിഞ്ഞ നിലയിൽ രസീത് ബുക്കിൽ നിലനിർത്തിയിട്ടുണ്ടെങ്കിലും ഡ്യൂപ്ലിക്കേറ്റ് കീറി മാറ്റിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 21-ാം നമ്പർ രസീതിന്റെ അസ്സലിൽ രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ലെന്നും 20-ാം നമ്പർ രസീതിൽ എഴുതിയതിന്റെ പകർപ്പ് കാർബൺ പേപ്പർ നേരെ വെയ്ക്കാത്തതുകൊണ്ട് 21-ാം നമ്പർ രസീതിൽ പതിഞ്ഞുവെന്നും ആയതിനാൽ രസീത് ക്യാൻസൽ ചെയ്യുന്നും ക്യാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ബുക്കിൽ സൂക്ഷിക്കണമെന്ന് അറിയില്ലായിരിന്നുവെന്നും പ്രസ്തുത രസീത് കൈയിൽ നിന്ന് നഷ്ടപ്പെട്ടെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. ഉപയോഗിക്കാത്തതും രേഖപ്പെടുത്തലുകളിൽ പിഴവുകൾ സംഭവിച്ചതുമായ രസീതുകളുടെ അസ്സലും ഡ്യൂപ്ലിക്കേറ്റും രസീത് ബുക്കിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ആയത് ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥയുടെ ഉത്തരവാദിത്തമാണ്. നഷ്ടമായ ഡ്യൂപ്ലിക്കേറ്റ് രസീത് പണം പിരിക്കുന്നതിനായി ഉപയോഗിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനും ക്യാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് നഷ്ടമായതിന്മേലും നിർവ്വഹണ ഉദ്യോഗസ്ഥയുടെ വീഴ്ചയിന്മേലും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ചട്ടപ്രകാരമുള്ള നിരക്കിൽ തൊഴിൽനികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ഗവ. എച്ച്. എസ്സ് പെരുങ്ങാലം സ്കൂളിലെ ജീവനക്കാരിൽ ഒരാളായ റോമി.എൻ (എഫ്. ടി. എം) ആദ്യ അർദ്ധ വർഷത്തെ തൊഴിൽ നികുതി 750/- രൂപ ആണ് അടച്ചിട്ടുള്ളത്. സ്കൂളിൽ നിന്ന് സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ടിയാളുടെ അടിസ്ഥാന ശമ്പളം പ്രതിമാസം 16500/- രൂപയും ക്ഷാമബത്ത 3300/- രൂപയുമാണ്. പ്രസ്തുത നിരക്കിൽ 6 മാസത്തെ വരുമാനം നിർണയിച്ചാൽ 1000/- രൂപയാണ് തൊഴിൽ നികുതി അടക്കേണ്ടത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ടിയാൻ 16/08/21-ൽ 121100100260-ാം നമ്പർ രസീത് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 250/-രൂപ പലിശ സഹിതം ഒടുക്കിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന നിരക്കുകളിൽ അർദ്ധവാർഷിക നികുതി ഈടാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-13 മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചന്ദ്രസേനൻ, പുളിന്തറ, കൺടാംകാണി, പട്ടംഉരുത്ത് എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള ഫ്ലവർ & ഓയിൽ മില്ലിൽ 15 H.P യുടെ യന്ത്രം ഉപയോഗിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും

ലൈസൻസ് നൽകൽ) ചട്ടം 18, 19-ലെ പട്ടിക III പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന 15 കുതിരശക്തിയുള്ള യന്ത്രത്തിന് ചുമത്താവുന്ന പരമാവധി ഫീസ് 200/- രൂപയാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീയും, ടിയാളുടെ തൊഴിൽ നികുതിയും അല്ലാതെ മോട്ടോർ ഫീ ആയ 200/- രൂപ ഒടുക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 11/17.08.21

1-14 കറവ പശുവിനെ വാങ്ങൽ – പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി നം, പേര് | 19/20 കറവയുള്ള പശു |
| അടങ്കൽ തുക | 1,80,000/-( വികസന ഫണ്ട് എസ്.സി.പി 105000/-, ഗുണഭോക്തൃ വിഹിതം-75000/-) |
| ചെലവ് തുക | 1,05,000/- വികസന ഫണ്ട്/- എസ്.സി.പി /- ഗു.വി- 75000/- )<br>(ബിൽ നം. 6/13.11.19 – 70,000/- ബിൽ നം. 17/25.3.20, തുക – 35,000/-) |

മേൽ പദ്ധതി വഴി 35000/- രൂപ സബ്സിഡി ആനുകൂല്യം കൈപ്പറ്റി പശുക്കളെ വാങ്ങിയ 3 ഗുണഭോക്താക്കളുടെയും പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. (1. കവിത ശ്രീനി, പുലിവട്ടത്തിൽ, 2. പത്മാവതി, മതിരംപള്ളിൽ, 3. ജാനമ്മ, കേശവമന്ദിരം)

ഇൻഷ്വറൻസ് രേഖകളുടെ അഭാവത്തിൽ മേൽപദ്ധതി വഴി പശുക്കളെ വാങ്ങുന്നതിന് വേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 1,05,000/-രൂപ (3x35,000) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം. 8/16-8-21

തടസ്സപ്പെടുത്തുന്ന തുക – 105000/- രൂപ

1-15 പാലിന് സബ്സിഡി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി പദ്ധതിയുടെ ധനകാര്യ വിശകലനവും ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 28/20

അടങ്കൽ – 10,00,000/- രൂപ

ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് (ജനറൽ) - 4,00,000/- രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 3,00,000/- രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം – 3,00,000/- രൂപ

ചെലവ്

വികസന ഫണ്ട് (ജനറൽ) 4,00,000/- രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,00,000/- രൂപ

ആകെ – 7,00,000/- രൂപ

ബിൽ നം. – 1/19-20 തീ. 27.08.19

ചെക്ക് നം. – 5737811/25.01.2020

എൻക്വയറി നമ്പർ. 4/10-8-21

1-15-1 പാലളവിലധികമായി സബ്സിഡി അനുവദിച്ചു.

27.08.19 ലെ ബിൽ നം. 1/19-20 പ്രകാരം പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. അജിന, എസ്.കെ.എസ് നിവാസ്, പേഴുംതുരുത്ത്, പേഴുംതുരുത്ത് ക്ഷീരസഹകരണ സംഘത്തിൽ നൽകിയ പാലിന്റെ അളവിൽ അധികമായി സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പാലളവ് | | | ആകെ | നൽകിയ സബ്സിഡി | നൽകാവുന്ന സബ്സിഡി | അധികം നൽകിയത് |
|---|---|---|---|---|---|---|
| എപ്രിൽ | മേയ് | ജൂൺ | | | | |
| 69.9 | 46.9 | ഇല്ല | 116.80 | 3504 | 350.4 | 3153.6<br>(3154) |

പാലളവ് സ്റ്റേറ്റ്മെന്റും, ക്ഷീര സംഘത്തിലെ പ്രതിമാസ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ അധികം നൽകിയതായി ബോദ്ധ്യപ്പെട്ട സബ്സിഡി 3154/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നമ്പർ. 4/10-08-21

നിരാകരിച്ച തുക – 3153/- രൂപ

1-15-2 മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി - തദ്ദേശഭരണ സ്ഥാപനഫണ്ടിൽ നിന്ന് അധിക നിരക്കിൽ സബ്സിഡി നൽകി.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി പദ്ധതിയ്ക്കായി ജൂലൈ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ തദ്ദേശഭരണ സ്ഥാപന ഫണ്ടിൽ നിന്ന് പാലിന് ലിറ്ററൊന്നിന് നാലു രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. 14/02/2018-ലെ സബ്സിഡി മാർഗ്ഗരേഖ, സ.ഉ(കൈ)നം.22/18/തസ്വഭവ, ഖണ്ഡിക 6.2.8 പ്രകാരം ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെ 4 രൂപ ക്രമത്തിൽ, ഒരു ലിറ്റർ പാലിന് സബ്സിഡി കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ക്ഷീരവികസന വകുപ്പിൽ നിന്നുള്ള ഫണ്ട് ഉൾപ്പെടുത്താതെ തന്നെ, പഞ്ചായത്തിൽ നിന്ന് 4 രൂപ നിരക്കിൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10/08/21 ലെ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

സംസ്ഥാന വിഹിതം ലഭ്യമല്ലെങ്കിൽ അത് തദ്ദേശഭരണ സ്ഥാപനഫണ്ടിൽ നിന്ന് നൽകുമെന്ന വ്യവസ്ഥ സബ്സിഡി മാർഗ്ഗരേഖകളിലുൾപ്പെട്ടിട്ടില്ലാത്തിനാൽ അധികം നൽകിയ തുക, സംസ്ഥാന വിഹിതം ലഭ്യമാക്കി തദ്ദേശഭരണ സ്ഥാപനഫണ്ടിലേക്ക് ഒടുക്കുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ. 4/10-8-21

1-16 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക<br>ചെലവഴിച്ച തുക (ബിൽ നം) | നിർവ്വഹണ ഏജൻസി | തടസ്സപ്പെടുത്തുന്ന തുക (രൂപ) | കാരണം |
|---|---|---|---|---|
| 1 | 2/21 എസ്.എസ്.എ.വിഹിതം നല്കൽ, വികസനഫണ്ട് ജനറൽ 225000/-, 10/9-8-19 | എസ്.എസ്.എ | 225000/- | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 2 | 1/21 ഐ.കെ.എമ്മിന് വിഹിതം നല്കൽ, വികസനഫണ്ട് ജനറൽ 37000/-, 13/26-8-19 | ഐ.കെ.എം | 37000/- | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 3 | 87/21 ജീവനം ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ, വികസനഫണ്ട് ജനറൽ, 50000/-12/26-8-19 | ജില്ലാപഞ്ചായത്ത്-ജില്ലാ ആശുപത്രി | 50000/- | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 312000/- | |

1-17 പി.എച്ച്.സി, പി.എച്ച്.സി.സബ് സെന്റർ വാടക നല്കൽ - വാടക നിശ്ചയിച്ചതിലെ അപാകത

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്റ്റ് നം | 135/20 പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ |
| അടങ്കൽ തുക | 100000/- മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് |
| ചെലവഴിച്ച തുക | 92424/-<br>(ബിൽ നം. 3/27-7-19 തുക - 10136/-<br>ബിൽ നം. 6/16-9-19 തുക - 10136/-<br>ബിൽ നം. 8/26-9-19 തുക - 10136/-<br>ബിൽ നം. 11/6-11-19 തുക - 10136/-<br>ബിൽ നം. 12/16-12-19 തുക - 10136/-<br>ബിൽ നം. 14/24-12-19 തുക - 10136/-<br>ബിൽ നം. 16/25-1-20 തുക - 10136/-<br>ബിൽ നം. 18/12-2-20 തുക - 10136/-<br>ബിൽ നം. 21/27-3-20 തുക - 11336/-) |

2018-ലെ പ്രളയത്തിൽ തകർന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ എന്നിവയുടെ പ്രവർത്തനം വാടക കെട്ടിടങ്ങളിലേക്ക് മാറിയിരുന്നു. പി.എച്ച്.സിക്ക് വാടകയായി 8936/- രൂപയും പി.എച്ച്.സി.സബ്സെന്ററിന് വാടകയായി 1200/- രൂപയുമാണ് മേൽ പദ്ധതി വഴി നല്കിവരുന്നത്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ആണ് കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ച് നല്കിയിരിക്കുന്നത്. വിവിധ വകുപ്പുകളിലെ ഓഫീസുകൾക്കായി സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുമ്പോൾ വാടക നിശ്ചയിച്ച് നല്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് (ജി.ഒ(ആർ.റ്റി.)നം 269/16 പി.ഡബ്ല്യു.ഡി തീ.5-2-16) പ്രകാരം കെട്ടിടത്തിനും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിക്കുമാണ് (ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയാക്ക് ആനുപാതികമായ ഭൂമി 3.255 ആർ) ഉത്തരവിലെ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് വാടക

നിശ്ചയിക്കേണ്ടത്.

എന്നാൽ പി.എച്ച്.സിക്കായി വാടകയ്ക്കെടുത്ത കെട്ടിടം (130.20m2) സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് പൂർണ്ണമായും (27.3 ആർ) ഉൾപ്പെടുത്തി 8936/-രൂപ വാടക നിശ്ചയിച്ചിരിക്കുകയാണ്. (കെട്ടിടത്തിന്റെ വാടക 5250.58 + ഭൂമിയുടെ വാടക 3685.5/-)

റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിൽ ഭൂമിയുടെ അളവ് പൂർണ്ണമായി ഉൾപ്പെടുത്തി വാടക നിശ്ചയിച്ചതിലെ അപാകത കണ്ടെത്തുകയും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് മാത്രം ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റിൽ തിരുത്തൽ വരുത്തി പ്രതിമാസ വാടക 5690/- രൂപയായി (5250.58 + 439.43 {3.255 ആറിന്റെ വാടക}) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് നോട്ട് ഫയലിനോടൊപ്പം) ജൂൺ 2019 മുതൽ വാടകയായി പ്രതിമാസം 8936/- രൂപ നിരക്കിലാണ് നല്കി വരുന്നത്. ഇപ്രകാരം നിശ്ചയിച്ച് നൽകിയ വാടകയിലധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദനീയമായതിലും അധികമായി വാടക നല്കിയതുമൂലം ജൂൺ 2019 മുതൽ ഫെബ്രുവരി 2020 വരെ 9 മാസങ്ങളിലെ വാടകയിനത്തിൽ അധികം ചെലവഴിക്കേണ്ടി വന്ന 29214/-(3246*9) രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മാർച്ച് 2020 മുതലുള്ള വാടകയും പുനക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7എ/16-8-21

നിരാകരിക്കുന്ന തുക – 29214/- രൂപ

1-18 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ-അധികമായി തുക ചെലവഴിച്ചു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി നം., പേര് | 12/20 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ തുക | 250000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് തുക | 250000/- ബിൽ നം. 3/21-10-19 |

മേൽ പദ്ധതിക്ക് വേണ്ടി ലഭിച്ച ക്വട്ടേഷനുകളിൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നായി നിരക്കിലെ കുറവിനനുസരിച്ച് മരുന്നു വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന മരുന്നുകൾക്ക് കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നതും വാങ്ങലിനായി അംഗീകരിച്ചിരുന്നതും രാജാമെഡിക്കൽസിനെ ആയിരുന്നെങ്കിലും പ്രസ്തുത മരുന്നുകൾ വാങ്ങിയത് കൂടിയ വില ക്വോട്ട് ചെയ്തിരുന്ന നെക്റ്റർ ലാബ് അസോസിയേറ്റ്സിൽ നിന്നാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര്, വാങ്ങിയ അളവ് | രാജാമെഡിക്കൽസ് ക്വോട്ട് ചെയ്ത വില | നെക്റ്റർ ലാബ് അസോസിയേറ്റ്സ് ക്വോട്ട് ചെയ്ത വില | അധികമായി നല്കിയ തുക |
|---|---|---|---|
| Tab Containing Praziquantel 150 Mg, Pyrantel Pamoate 144mg And Fenbendazole, 240എണ്ണം | 40.00രു | 44.50രു | 4.5x240 1080/- |
| Fly Repellant Wound Dressing Cream With Gamma BHC, 15 ഗ്രാമിന്റെ 300 എണ്ണം | 30 ഗ്രാം 37.00രു (15 ഗ്രാം = 18.52 രു) | 15 ഗ്രാം 20.50രു | 2x300 600/- |
| Enrofloxacin 1500 Mg | 26.00രു | 29.90രു | 983/- |

| | | | |
|---|---|---|---|
| Bolus, 252 എണ്ണം | | | |
| | | ആകെ | 2663/- |

കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നതും വാങ്ങലിനായി അംഗീകരിച്ചിരുന്നതുമായ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങാതെ കൂടിയ വില ക്വോട്ട് ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയത് മൂലം 2663/- രൂപ അധികമായി ചെലവഴിച്ചു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക്, അധികമായി ചെലവഴിച്ച തുക തിരികെ ഒടുക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2663/- രൂപ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 8/16.8.21

നിരാകരിക്കുന്ന തുക - 2663/- രൂപ

1-19 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി നം., പേര് | 15/20 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ തുക | 1000000/- (വികസന ഫണ്ട് ജനറൽ 250000/-<br>- സംസ്ഥാനാവിഷ്കൃതം 250000/-)<br>ഗുണഭോക്തൃ വിഹിതം-500000/-) |
| ചെലവ് തുക | 250000/- വികസന ഫണ്ട് ജനറൽ (ബിൽ നം. 14/16-3-20) |

2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 40 കന്നുകുട്ടികൾക്കുള്ള വിഹിതമായി (6250/- രൂപ നിരക്കിൽ) 250000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും കാലിത്തീറ്റ വിതരണരേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി കാഫ് ഫീഡ് സബ്സിഡി സ്കീമിൽ ഒടുക്കിയ 250000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക്, രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം. 8/16.8.21

തടസ്സപ്പെടുത്തിയ തുക - 250000/- രൂപ

1-20 ജി.എസ്.ടി കോമ്പൻസേഷൻ കണക്കാക്കിയതിൽ പിഴവ്- 1408/-രൂപ അധികമായി നൽകി.

പ്രോജക്ട് നം. : 34/20
പ്രവൃത്തിയുടെ പേര് : ബഥേൽ സ്കൂൾ മംഗലത്ത് കടവ് റോഡ് കോൺക്രീറ്റ്
ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ്(റോഡ്)
കരാർ നം. : AGMT/MTGP/4/19-209 DTD.11.10.19
കരാറുകാരൻ : ഷാജി. ബി.
എം.ബുക്ക്നം. : 46/18-19
ചെലവ് : 187046/-രൂപ
ബിൽ നം. : 18/14.12.19

ബഥേൽ സ്കൂൾ മംഗലത്ത് കടവ് റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം അളവ് പുസ്തകപ്രകാരം 165748/-രൂപയാണ്. ആയതിനാൽ ജി.എസ്.ടി കോമ്പൻസേഷൻ

ഇനത്തിൽ നൽകാവുന്ന തുക ആകെ പ്രവൃത്തിമൂല്യത്തിന്റെ 12% തുകയായ 19890/-രൂപ ആയിരിക്കെ 21298/-രൂപ പ്രസ്തുത ഇനത്തിൽ കണക്കാക്കി നൽകി.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി നൽകിയ 1408/- രൂപ തിരികെ ഈടാക്കി അടച്ചുകൊള്ളാമെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ 1408/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 06/20-21

നിരാകരിച്ച തുക – 1408/- രൂപ.

1-21 ബാരൽ വില ഈടാക്കിയിട്ടില്ല.

റോഡ് റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (കി.ഗ്രാം.) | | | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (ജി.എസ്.ടി ഉൾപ്പെടെ) രൂപ 282/- നിരക്കിൽ |
|---|---|---|---|---|---|
| | VG 30 | RS1 | SS1 | | |
| പ്രോജക്ട് നം. : 110/20<br>പ്രവൃത്തിയുടെ പേര്: കാരുത്തറക്കടവ് ഗവ. എൽ.പി.എസ്. റോഡ് റീടാറിംഗ്<br>അടങ്കൽ : 3,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/MTGP/34/18-19 DTD.12.02.19<br>കരാറുകാരൻ : ഷാജി. ബി. :<br>എം. ബുക്ക്നം.: 46/18-19<br>ചെലവ് : 234443/-രൂപ<br>ബിൽ നം. : 16/21.08.19-105714 /-&21/18.12.19-94286/-<br>ബ്ലോക്ക് വിഹിതം – 34443/- (ടി.സി) | 1813 | 165 | | 11+1 | 3384/- |
| പ്രോജക്ട് നം. : 137/20 (സ്പിൽഓവർ)<br>പ്രവൃത്തിയുടെ പേര് : കാഷ്യു ഫാക്ടറി റോഡ് റീടാറിംഗ്<br>അടങ്കൽ : 5,00,000/- | 3492 | 335 | 302 | 21+1+1 | 6486/- |

| | | | | | |
|---|---|---|---|---|---|
| ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം. : AGMT/MTGP /33/18-19 DTD.12.02.19<br>കരാറുകാരൻ : ഷാജി. ബി.<br>എം.ബുക്ക്നം. : 44/18<br>ചെലവ് : 4,96599/- രൂപ<br>ബിൽ നം. : 15/09.08.19 | | | | | |
| പ്രോജക്റ്റ് നം. : 116/19-20<br>പ്രവൃത്തിയുടെ പേര് : കല്ലുവിളക്കടവ് കൊന്നയിൽ റോഡ് മെറ്റലിംഗ് & ടാറിംഗ്.<br>അടങ്കൽ : 310000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർ നം. :AGMT/MTGP/31/18-19 DTD.31.01.19<br>കരാറുകാരൻ : ഗോവിന്ദ്. എസ്.<br>എം. ബുക്ക്നം. : 43/18-19<br>ചെലവ് : 309158/-രൂപ<br>ബിൽ നം. : 10/19.07.19 | 1135 | 148 | 387 | 7+1 | 2256/- |
| ആകെ | | | | | 12,126/- |

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികമായി നൽകിയ 12126/-രൂപ തിരികെ ഈടാക്കി അടച്ചുകൊള്ളാമെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ 12126/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. തുക ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. - 06/13.8.21

നിരാകരിച്ച തുക - 12,126/-രൂപ.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകണമെന്നിരിക്കെ ഗുണഭോക്താവിന് രേഖപ്പെടുത്തിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതിലൂടെ 3154/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.

ഡയറി ഫാം ഇൻസ്ട്രക്ടർ 2019-20 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി എന്ന പ്രോജക്റ്റിൽ (പ്രോ നം. 28/19-20) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമാക്കിയിരുന്നത്. എന്നാൽ പേരുംതുരുത്ത് ക്ഷീര സഹകരണ സംഘത്തിൽ നൽകിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതായി സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും പ്രസ്തുത സംഘത്തിൽനിന്ന് ഹാജരാക്കിയ പ്രതിമാസ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ഏപ്രിൽ പാലളവ് | മേയ് | ജൂൺ | ആകെ | നൽകേണ്ട സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| അജീന എസ്.കെ.എസ് നിവാസ് പേഴുംതുരുത്ത് വെസ്റ്റ് | 69.9 | 46.9 | ഇല്ല | 116.8 | 350.4 (116.8x3) | 3504 | 3154/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പാലിന്റെ അളവിനേക്കാൾ അധികമായി നൽകിയ സബ്സിഡി ഓഡിറ്റിൽ നിരാകരിക്കുന്നു. ഒടുക്കു വരുത്തി നിരാകരണം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നമ്പർ. 4/10-08-21

നിരാകരിച്ച തുക – 3154/- രൂപ

3-2 ജി.എസ്.ടി കോമ്പൻസേഷൻ കണക്കാക്കിയതിൽ പിഴവ്- 1408/-രൂപ അധികമായി നൽകി.

പ്രോജക്ട് നം. : 34/20
പ്രവൃത്തിയുടെ പേര് : ബഥേൽ സ്കൂൾ മംഗലത്ത് കടവ് റോഡ് കോൺക്രീറ്റ്

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ്(റോഡ്)
കരാർനം. : AGMT/MTGP/4/19-209 DTD. 11.10.19
കരാറുകാരൻ : ഷാജി. ബി.
എം.ബുക്ക്നം. : 46/18-19
ചെലവ് : 187046/- രൂപ
ബിൽ നം. : 18/14.12.19

ബഥേൽ സ്കൂൾ മംഗലത്ത് കടവ് റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം അളവ് പുസ്തകപ്രകാരം 165748/-രൂപയാണ്. ആയതിനാൽ ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ നൽകാവുന്ന തുക ആകെ പ്രവൃത്തിമൂല്യത്തിന്റെ 12% തുകയായ 19890/-രൂപ ആയിരിക്കെ 21298/-രൂപ പ്രസ്തുത ഇനത്തിൽ കണക്കാക്കി നൽകി.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികമായി നൽകിയ 1408/- രൂപ തിരികെ ഈടാക്കി അടച്ചുകൊള്ളാമെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ 1408/-രൂപ ഓഡിറ്റിൽ

നിരാകരിയ്ക്കുന്നു. തുക ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 06/20-21

നിരാകരിച്ച തുക - 1408/-രൂപ.

3-3 ബാരൽ വില ഈടാക്കിയിട്ടില്ല.

റോഡ് റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ. 2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ(കി.ഗ്രാം.) | | | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (ജി.എസ്.ടി ഉൾപ്പെടെ) രൂ 282/-നിരക്കിൽ |
|---|---|---|---|---|---|
| | VG 30 | RS1 | SS1 | | |
| പ്രോജക്റ്റ് നം. : 110/20<br>പ്രവൃത്തിയുടെ പേര് : കാരുത്തറക്കടവ് ഗവ. എൽ.പി.എസ്. റോഡ്റീടാറിംഗ്<br>അടങ്കൽ : 3,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം. : AGMT/MTGP/34/18-19 DTD. 12.02.19<br>കരാറുകാരൻ : ഷാജി. ബി.<br>എം.ബുക്ക്നം. : 46/18-19<br>ചെലവ് : 234443/-/-രൂപ<br>ബിൽ നം. : 16/21.08.19-105714/-& 21/18.12.19-94286/-<br>ബ്ലോക്ക് വിഹിതം – 34443/- (ടി.സി) | 1813 | 165 | | 11+1 | 3384/- |
| പ്രോജക്റ്റ് നം. : 137/20(സ്പിൽഓവർ)<br>പ്രവൃത്തിയുടെ പേര് : കാഷ്യു ഫാക്ടറി റോഡ് റീടാറിംഗ് | 3492 | 335 | 302 | 21+1+1 | 6486/- |

| | | | | | |
|---|---|---|---|---|---|
| അടങ്കൽ : 5,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം. : AGMT/MTGP /33/18-19 DTD.12.02.19<br>കരാറുകാരൻ : ഷാജി.ബി.<br>എം.ബുക്ക്നം. : 44/18<br>ചെലവ് : 4,96,599/-രൂപ<br>ബിൽ നം. : 15/09.08.19 | | | | | |
| പ്രോജക്റ്റ് നം. : 116/19-20<br>പ്രവൃത്തിയുടെ പേര് : കല്ലുവിളക്കടവ് കൊന്നയിൽ റോഡ് മെറ്റലിംഗ് & ടാറിംഗ്.<br>അടങ്കൽ : 310000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം. : AGMT/MTGP /31/18-19 DTD.31.01.19<br>കരാറുകാരൻ : ഗോവിന്ദ്.എസ്.<br>എം.ബുക്ക്നം. : 43/18-19<br>ചെലവ് : 309158/-രൂപ<br>ബിൽ നം. : 10/19.07.19 | 1135 | 148 | 387 | 7+1 | 2256/- |
| ആകെ | | | | | 12,126/- |

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികമായി നൽകിയ 12126/-രൂപ തിരികെ ഈടാക്കി അടച്ചുകൊള്ളാമെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ 12126/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. - 06/13.8.21

നിരാകരിച്ച തുക - 12,126/-രൂപ.

## 3-4 പി.എച്ച്.സി,പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ- വാടക നിശ്ചയിച്ചതിലെ അപാകത

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്റ്റ് നം | 135/20 പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ |

| | |
|---|---|
| അടങ്കൽ തുക | 100000/- മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് |
| ചെലവഴിച്ച തുക | 92424/-<br>(ബിൽ നം. 3/27-7-19 തുക – 10136/-<br>ബിൽ നം. 6/16-9-19 തുക – 10136/-<br>ബിൽ നം. 8/26-9-19 തുക – 10136/-<br>ബിൽ നം. 11/6-11-19 തുക – 10136/-<br>ബിൽ നം. 12/16-12-19 തുക – 10136/-<br>ബിൽ നം. 14/24-12-19 തുക – 10136/-<br>ബിൽ നം. 16/25-1-20 തുക – 10136/-<br>ബിൽ നം. 18/12-2-20 തുക – 10136/-<br>ബിൽ നം. 21/27-3-20 തുക – 11336/-) |

2018-ലെ പ്രളയത്തിൽ തകർന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ എന്നിവയുടെ പ്രവർത്തനം വാടക കെട്ടിടങ്ങളിലേക്ക് മാറിയിരുന്നു. പി.എച്ച്.സിക്ക് വാടകയായി 8936/- രൂപയും പി.എച്ച്.സി.സബ്സെന്ററിന് വാടകയായി 1200/- രൂപയുമാണ് മേൽ പദ്ധതി വഴി നല്കിവരുന്നത്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ആണ് കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ച് നല്കിയിരിക്കുന്നത്. വിവിധ വകുപ്പുകളിലെ ഓഫീസുകൾക്കായി സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുമ്പോൾ വാടക നിശ്ചയിച്ച് നല്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് (ജി.ഒ(ആർ.റ്റി.)നം 269/16 പി.ഡബ്ല്യ.ഡി തീ5-2-16) പ്രകാരം കെട്ടിടത്തിനും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിക്കുമാണ് (ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയാക്ക് ആനുപാതികമായ ഭൂമി 3.255 ആർ) ഉത്തരവിലെ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് വാടക നിശ്ചയിക്കേണ്ടത്.

എന്നാൽ പി.എച്ച്.സിക്കായി വാടകയ്ക്കെടുത്ത കെട്ടിടം (130.20m2) സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് പൂർണ്ണമായും (27.3 ആർ) ഉൾപ്പെടുത്തി 8936/-രൂപ വാടക നിശ്ചയിച്ചിരിക്കുകയാണ്. (കെട്ടിടത്തിന്റെ വാടക 5250.58 + ഭൂമിയുടെ വാടക 3685.5/-)
റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിൽ ഭൂമിയുടെ അളവ് പൂർണ്ണമായി ഉൾപ്പെടുത്തി വാടക നിശ്ചയിച്ചതിലെ അപാകത കണ്ടെത്തുകയും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് മാത്രം ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റില് തിരുത്തൽ വരുത്തി പ്രതിമാസ വാടക 5690/- രൂപയായി (5250.58 + 439.43 {3.255 ആറിന്റെ വാടക}) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് നോട്ട് ഫയലിനോടൊപ്പം) ജൂൺ 2019 മുതൽ വാടകയായി പ്രതിമാസം 8936/- രൂപ നിരക്കിലാണ് നല്കി വരുന്നത്. ഇപ്രകാരം നിശ്ചയിച്ച് നൽകിയ വാടകയിലധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദനീയമായതിലും അധികമായി വാടക നല്കിയതുമൂലം ജൂൺ 2019 മുതൽ ഫെബ്രുവരി 2020 വരെ 9 മാസങ്ങളിലെ വാടകയിനത്തിൽ അധികം ചെലവഴിക്കേണ്ടി വന്ന 29214/-(3246*9) രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മാർച്ച് 2020 മുതലുള്ള വാടകയും പുനക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7എ/16-8-21

നിരാകരിക്കുന്ന തുക – 29214/- രൂപ

3-5 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ-അധികമായി തുക ചെലവഴിച്ചു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി നം., പേര് | 12/20 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ |

| | |
|---|---|
| അടങ്കൽ തുക | 250000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് |
| ചെലവ് തുക | 250000/- ബിൽ നം. 3/21-10-19 |

മേൽ പദ്ധതിക്ക് വേണ്ടി ലഭിച്ച ക്വട്ടേഷനുകളിൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നായി നിരക്കിലെ കുറവിനനുസരിച്ച് മരുന്ന വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന മരുന്നുകൾക്ക് കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നതും വാങ്ങലിനായി അംഗീകരിച്ചിരുന്നതും രാജാമെഡിക്കൽസിനെ ആയിരുന്നെങ്കിലും പ്രസ്തുത മരുന്നുകൾ വാങ്ങിയത് കൂടിയ വില ക്വോട്ട് ചെയ്തിരുന്ന നെക്റ്റർ ലാബ് അസോസിയേറ്റ്സിൽ നിന്നാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര്, വാങ്ങിയ അളവ് | രാജാമെഡിക്കൽസ് ക്വോട്ട് ചെയ്ത വില | നെക്റ്റർ ലാബ് അസോസിയേറ്റ്സ് ക്വോട്ട് ചെയ്ത വില | അധികമായി നല്കിയ തുക |
|---|---|---|---|
| Tab Containing Praziquantel 150 Mg, Pyrantel Pamoate 144mg And Fenbendazole, 240എണ്ണം | 40.00രു | 44.50രു | 4.5x240 1080/- |
| Fly Repellant Wound Dressing Cream With Gamma BHC, 15 ഗ്രാമിന്റെ 300 എണ്ണം | 30 ഗ്രാം 37.00രു (15 ഗ്രാം – 18.52 രു) | 15 ഗ്രാം 20.50രു | 2x300 600/- |
| Enrofloxacin 1500 Mg Bolus, 252 എണ്ണം | 26.00രു | 29.90രു | 983/- |
| | | ആകെ | 2663/- |

കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നതും വാങ്ങലിനായി അംഗീകരിച്ചിരുന്നതുമായ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങാതെ കൂടിയ വില ക്വോട്ട് ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയത് മൂലം 2663/- രൂപ അധികമായി ചെലവഴിച്ചു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക്, അധികമായി ചെലവഴിച്ച തുക തിരികെ ഒടുക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2663/- രൂപ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 8/16.8.21

നിരാകരിക്കുന്ന തുക - 2663/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 13-08-21 | കെ.എസ്.എ.കെൽ.എം.പി4/1161/21 തീയതി – 15.11.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | വർഷം | (രൂപ) | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 24,323/- | പുളിമൂട്ടിൽ പാണ്ഡ്യാല റോഡ് കോൺക്രീറ്റിംഗ് | 24,323/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 73,484/- | വള്ളിത്തറ അമ്പറ വയലിൽ റോഡ് കോൺക്രീറ്റിംഗ് | 73,484/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,60,000/- | ലൈഫ് പദ്ധതി (എസ്.സി) | 2,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300,000/- | പാലിന് സബ്സിഡി | 300,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,52,671/- | ലൈഫ് പദ്ധതി (ജനറൽ) | 1,52,671/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 22,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 22,500/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 22,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 22,500/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 30,80,000/- രൂപ വരവുണ്ട്. മുൻബാക്കി 8,52,253/- രൂപയടക്കം 39,32,253/- രൂപയിൽ 30,37,562/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനനിർമ്മാണം | 951/2010 ത.സ്വ.ഭ.വ 19-3-2010 | 69,90,000/- | 4,15,699/- | 0 | 0 | 4,15,699/- |
| ലൈഫ് പദ്ധതി | 951/2010/ ത.സ്വ.ഭ.വ 19.3.2016 | 30,80,000/- | 44,90,777/- | 6,47,059/- | 0 | 69,23,718/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23-ാം പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2 (4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി – അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1998-99, 38 | 2003-04, 3-2 (4-2) | സബ്സിഡി –സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3,153/- | ശ്രീമതി ഷീബ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്പെക്ടർ |
| 3-2 | | 1,408/- | ശ്രീമതി ആർച്ച ഗോപൻ, അസി. എൻജിനിയർ, മൺട്രോതുരുത്ത് |
| 3-3 | | 12,126/- | ശ്രീമതി ആർച്ച ഗോപൻ, അസി. എൻജിനിയർ, മൺട്രോതുരുത്ത് |
| 3-4 | | 29,214/- | ഡോ. മനോജ് ബി തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മൺറോത്തുരുത്ത് |
| 3-5 | | 2,663/- | ഡോ. ബി. സോജ, വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,05,000/- | ഡോ. ബി. സോജ, വെറ്റിനറി സർജൻ |
| 1-16 | 3,12,000/- | ശ്രീ. ജെ. ജെ. ജോസഫ്, സെക്രട്ടറി |
| 1-19 | 2,50,000/- | ഡോ. ബി. സോജ, വെറ്റിനറി സർജൻ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) |
|---|---|
| 1-7-1 | 15,900/- |
| 1-7-2 | 1,24,600/- |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീബ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്പെക്ടർ | ഡയറി ഫാം ഇൻസ്പെക്ടർ, മൺട്രോതുരുത്ത് | എസ്.എസ് വില്ല<br>ചെമ്മക്കാട് പി.ഒ<br>പെരിനാട് |
| ശ്രീ. ജോസഫ്, സെക്രട്ടറി | സെക്രട്ടറി, പനയം ഗ്രാമപഞ്ചായത്ത് | കൽപ്പാക്കം<br>നിയർ അലിൻഡ്<br>കുണ്ടറ |
| ഡോ. മനോജ്. ബി. തോമസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മൺട്രോതുരുത്ത് | ഐരുക്കുഴിയിൽ<br>കരവാളൂർ, കൊല്ലം |
| ഡോ. ബി. സോജ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, മൺട്രോതുരുത്ത് | ഷാരോൺ<br>ഇളമ്പള്ളൂർ പി.ഒ<br>കുണ്ടറ |
| ശ്രീമതി ആർച്ച ഗോപൻ, അസി. എൻജിനിയർ | അസി. എൻജിനിയർ, മൺട്രോതുരുത്ത് | കൃഷ്ണവില്ല ഡാർലിംഗ്<br>കാവനാട്, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം..പി4-437 (11)/18/28.2.18 | 31 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം..പി4-437 (12)/18/28.2.18 | 33 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം..പി4-437 (13)/18/28.2.18 | 17 |

| | | |
|---|---|---|
| 2001-02 | കെ.എസ്.എ.കെ.എൽ.എം..പി4-437 (14)/18/28.2.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം..പി4-437 (15)/18/28.2.18 | 13 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം..പി4-437 (16)/18/28.2.18 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം..പി4-437 (17)/18/28.2.18 | 22 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം..പി4-437 (18)/18/28.2.18 | 18 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 4 |
| 2011-12 | എൽ.എഫ്.ക്യൂ.പി6-1785/14/27.10.14 | 29 |
| 2012-13 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-419(1)/ 19, 05.06.2020 | 21 |
| 2013-14, 2014-15 | എൽ.എഫ്.ക്യൂ.പി4-1870/17/13.04.2018 | 8 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1828/ 16/13-12-2017 | 10 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1404/17/31.01.2018 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4/402/2019, 22.4.2019 | 11 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി4/458/2020, 23.6.2020 | 37 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്